# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4639** — 28/06/2013 - ലെ മറുപടിയ്ക്ക്

**മലപ്പുറം ജില്ലയിൽ കൃഷിവകുപ്പിന്റെ ജില്ലാതലയോഗം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഏതെങ്കിലും യോഗം 2013 ജൂൺ മാസത്തിൽ വിളിച്ചുചേർത്തിട്ടുണ്ടോ ; | (എ) മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന്റെ ജില്ലാ തലത്തിലുള്ള കാർഷിക വികസന സമിതി യുടെ യോഗം സമിതിയുടെ ചെയർ പേഴ്സനായ ജില്ലാ പഞ്ചായത്ത് പ്രസി ഡന്റിന്റെ അനുവാദത്തോടു കൂടി 213 ജൂൺ 11 ന് വിളിച്ചു ചേർക്കുവാൻ കത്ത് നൽകിയെങ്കിലും നിയമസഭാ സമ്മേളനം നടക്കുന്നതിന്റെ അറിയിപ്പ് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യോഗം ചെയർപേഴ്സനെ അറിയിച്ച് റദ്ദാക്കുക യുണ്ടായി. |
| (ബി) ഇതിൽ ആരെല്ലാമാണ് പങ്കെടു ക്കേണ്ടിയിരുന്നത് ; ആർക്കൊക്കെ കത്ത് കൊടുത്തിട്ടുണ്ട് ; | (ബി) ഈ യോഗത്തിൽ ജില്ലയിലെ ബഹു. എ.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർപേഴ്സൺ), രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. അവർക്കെല്ലാം കത്ത് അയച്ചിട്ടുണ്ടാ യിരുന്നു. |
| (സി) നിയമസഭാംഗങ്ങൾ പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതു ണ്ടോ ; അവർക്ക് കത്ത് നൽകിയി ട്ടുണ്ടോ ; | (സി) നിയമസഭാംഗങ്ങൾ പ്രസ്തുത സമിതിയിൽ അംഗങ്ങളാണ്. കത്ത് അയച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത യോഗം ചേർന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിയമസഭാംഗങ്ങൾ പങ്കെടുക്കേണ്ട പ്രസ്തുത യോഗം സഭ സമ്മേളിക്കുമ്പോൾ വിളിച്ചു ചേർക്കുന്നത് സർക്കാരിന്റെ അറി വോടെയാണോ? | (ഡി) (ഇ) (എഫ്) & (ജി) പ്രസ്തുത യോഗം ചേരുകയുണ്ടായിട്ടില്ല. നിയമസഭാ സമ്മേളനം നടക്കുന്നതായി അറിയിപ്പ് കിട്ടിയതിനാൽ യോഗം റദ്ദാക്കുകയാണുണ്ടായത്. |
| (ഇ) പ്രസ്തുത യോഗം വിളിച്ചു ചേർത്തത് ഏത് ഉദ്യോഗസ്ഥനാണ്; ഇവർക്കെതിരെ നടപടിയെടുത്തി ട്ടുണ്ടോ ; | |
| (എഫ്) സഭാ സമ്മേളന വേളയിൽ ഇത്തരം യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച് സർക്കാർ നയമെന്താണ് ; | |
| (ജി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്ത രവുകൾ നിലവിലുണ്ടോ ; വിശദമാ ക്കുമോ? | |

സെക്ഷൻ ഓഫീസർ